## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1327

07.06.2018-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.ഒ.ആർ. കേളു**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീ.പി.കെ. ശശി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ്, ആധാര രജിസ്ട്രേഷനുള്ള ഫീസ്, സ്പെഷ്യൽ മാര്യേജ് അപേക്ഷയ്ക്കുള്ള ഫീസ് എന്നിവ ഇ-പേമെന്റ് സംവിധാനത്തിലൂടെയും, ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി ഫീസുകൾ ഇ-പേമെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) രജിസ്ട്രേഷൻ വകുപ്പിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ്, ആധാര രജിസ്ട്രേഷനുള്ള ഫീസ്, സ്പെഷ്യൽ മാര്യേജ് അപേക്ഷയ്ക്കുള്ള ഫീസ് എന്നിവ ഇ-പേമെന്റ് സംവിധാനത്തിലൂടെ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) രജിസ്ട്രേഷൻ വകുപ്പിൽ നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നത്; | സി) ആധാരങ്ങളുടെ രജിസ്ട്രേഷൻ, ബാദ്ധ്യത/ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ് കോപ്പികൾ, സ്പെഷ്യൽ മാരേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ എന്നീ സേവനങ്ങൾ നിലവിൽ രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈനായി ലഭ്യമാകുന്നുണ്ട്. |
| ഡി) കാലപ്പഴക്കം മൂലം നശിക്കുന്ന മുൻ പ്രമാണങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിലെ കാലപ്പഴക്കമുള്ള രേഖകളെ ശാസ്ത്രീയമായി സംരക്ഷിച്ച് ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പദ്ധതി സി-ഡിറ്റുമായി ചേർന്ന് നടപ്പിലാക്കുന്നതിലേക്കായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 10 വർഷം കൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്കു വേണ്ടി 2018-19 സാമ്പത്തിക വർഷത്തിലേക്ക് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

Rajin

**സെക്ഷൻ ഓഫീസർ**